DESPATCHED
( – 26/12/21....

22/11/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:-sic.ker@nic.in

**ഹർജി നമ്പർ CP.No. 1052(5)/18/SIC**

**തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.14187/SIC-G7/2018**

ഉത്തരവ് തീയതി : 22.11.2021

സന്നിഹിത

ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാനവിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീമതി സിന്ധു. എം.ആർ,<br>ചിറപുരയിടത്തിൽ,<br>കോഴാ പി.ഒ,<br>കുറവിലങ്ങാട് – 686 633. | പരാതി ഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>പ്രിൻസിപ്പൽ കൃഷി ഓഫീസർ,<br>പ്രിൻസിപ്പൽ കൃഷി ഓഫിസറുടെ കാര്യാലയം<br>കോട്ടയം. | എതിർകക്ഷി |

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 30.10.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെമറുപടി | --- |
| കമ്മീഷൻ മുമ്പാകെ പരാതിസമർപ്പിച്ചതീയതി | 03.12.2018 |
| ഹിയറിംഗ്തീയതി, സ്ഥലം | 30.07.2020, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം |
| എതിർകക്ഷി<br><br>പരാതിക്കാരി | ഹാജരായിരുന്നു<br><br>ഹാജരായിരുന്നില്ല |

1. പരാതിക്കാരി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, വൈക്കം എംപ്ലോയ്മെന്റ് ഓഫീസറുടെ 23.12.2017 ലെ ഐ.ഒ.എ 388/17, ഐ.ഒ.എ 389/17, പാലാ എംപ്ലോയ്മെന്റ് ഓഫീസറുടെ 5.04.2018, 06.04.2018 എന്നീ തീയതികളിലെ ഐ.ഒ.എ 307/17, 308/17 എന്നീ നമ്പരുകൾ പ്രകാരം 2018 സെപ്റ്റംബർ മാസത്തിൽ നടന്ന അഭിമുഖ ത്തിലും കായിക ക്ഷമതയിലും പ്രകാരം കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസിൽ നിന്ന് കാഷ്വൽ തൊഴിലാളികളായി നിയമിച്ചവരുടെ പേരും മറ്റ് വിശദ വിവരങ്ങളു മടങ്ങിയ സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പ്, ടി തസ്തികയിൽ നിയമനം ലഭിച്ചവരുടെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡിന്റെ ശരിപകർപ്പ് എന്നിങ്ങനെ 4 വിവരങ്ങളാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് എതിർകക്ഷിയിൽ നിന്ന് മറുപടി ലഭിക്കാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ചു. പരാതി ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരു കക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. ടെലഫോൺ മുഖാന്തിരം നടത്തിയ നേർവിചാരണയിൽ എതിർകക്ഷി ഹാജരായിരുന്നു. പരാതിക്കാരി ഹാജരായിരുന്നില്ല.

3. പരാതിക്കാരിയുടെ വിവരാവകാശ അപേക്ഷ 01.11.2018 തീയതി ലഭിച്ചു എന്നും ടിയാരി ആവശ്യപ്പെട്ട പകർപ്പുകൾ നൽകുന്നതിന് 116/- രൂപ അടയ്ക്കണമെന്ന് 27.11.2018 തീയതി പരാതിക്കാരിയെ അറിയിച്ചു എന്നും തുടർന്ന് 05.12.2018 ൽ പകർപ്പുകൾക്കുളള ഫീസ് അടച്ചതിന്റെ ചെലാൻ കോപ്പി ടി കാര്യാലയത്തിൽ സമർപ്പിച്ച മുറയ്ക്ക് ആവശ്യപ്പെട്ട പകർപ്പുകൾ 11.12.2018 തീയതി അയച്ചു നൽകി എന്നാണ് എതിർകക്ഷി അറിയിച്ചിട്ടുളളത്.

4. പരാതിഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിച്ചതിൽ, 30.10.2018 ലെ വിവരാവകാശ അപേക്ഷയ്ക്ക് വിവരങ്ങളും രേഖകളും ലഭ്യമായിട്ടുളളതായി കമ്മീഷന് ബോദ്ധ്യപ്പെട്ടു. മേൽ സാഹചര്യത്തിൽ എസ്.പി.ഐ.ഒയുടെ മൊഴിയുടെയും റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഈ പരാതിഹർജിയിൻമേലുളള എല്ലാ നടപടികളും അവസാനിപ്പിച്ച് **ഇന്നേ ദിവസം 2021 നവംബർ മാസം 22-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ഫിനാൻസ് എക്സ്പേർട്ട്**

gs